ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഉദ്യോഗസ്ഥർ 168 മിന്നൽ പരിശോധനകൾ നടത്തുകയും 3,84,590 രൂപ കണക്കിൽപ്പെടാത്തതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കാര്യക്ഷമതയും സത്യസന്ധതയുമുള്ള ഉദ്യോഗസ്ഥരെത്തന്നെ ചെക്ക്പോസ്റ്റുകളിൽ നിയമിക്കുന്നതിന് ശ്രദ്ധചെലുത്തിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യിൽ കൊറിയർ-കം-പാഴ്സൽ സർവ്വീസ്

11 (*11) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ കൊറിയർ-കം-പാഴ്സൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ എന്നറിയിക്കുമോ;

(ബി) പ്രസ്തുത സേവനത്തിനായി ഏതെല്ലാം തരത്തിലുള്ള എത്ര ബസ്സുകൾ വീതം ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സേവനത്തിന്റെ നടത്തിപ്പ് സ്വകാര്യ കമ്പനിയെ ഏല്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഏല്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി ആരംഭിച്ചതിനുശേഷം കെ.എസ്.ആർ.ടി.സി.- ക്ക് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഉരുപ്പടികൾ ഡോർ ഡെലിവറി നടത്താറുണ്ടോ; ഏതു വിധത്തിലാണ് ഉരുപ്പടികൾക്ക് ചാർജ്ജ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്. 7-7-2015 ൽ ബഹുമാനപ്പെട്ടമുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് 23-10-2015 മുതൽ കൊറിയർ പാഴ്സൽ സർവ്വീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 27 ബസ് സ്റ്റേഷനുകളിലാണ് കൊറിയർ/പാഴ്സൽ സർവ്വീസ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 3727 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. അവ താഴെ പറയും പ്രകാരമാണ്.

ഓർഡിനറി	-	2024 എണ്ണം
ഫാസ്റ്റ് പാസഞ്ചർ	-	1111 എണ്ണം
സൂപ്പർ ഫാസ്റ്റ്	-	291 എണ്ണം
എക്സ്പ്രസ്	-	87 എണ്ണം
സൂപ്പർ ഡീലക്സ്	-	50 എണ്ണം
സിറ്റി ഫാസ്റ്റ്	-	153 എണ്ണം
വോൾവോ	-	11 എണ്ണം

(സി) ഉണ്ട്. 16-3-2015 ൽ ലേലം/ടെണ്ടർ നടപടികളിലൂടെ സ്വകാര്യ കമ്പനിയായ ടാക്കോൺ കൊറിയേഴ്സിന് (റീച്ചോൺ ഫാസ്റ്റ് ബസ് സർവ്വീസ്) ലൈസൻസ് നൽകിയിട്ടുണ്ട്. പ്രതിമാസം കുറഞ്ഞ അടിസ്ഥാന ലൈസൻസ് ഫീ യുകയായിട്ടുള്ള 2,00,000 (രണ്ടു ലക്ഷം രൂപ മാത്രം) രൂപയോ വരുമാന വിഹിതമോ ഏതാണോ കൂടുതൽ എന്ന രീതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) നിലവിൽ 1-11-2015 മുതൽ പ്രതിമാസം രണ്ട് ലക്ഷം രൂപ വീതം കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം ലഭിച്ചുവരുന്നുണ്ട്. കൂടാതെ 2007 മുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ നിർമ്മിച്ച കൊറിയർ ബോക്സുകൾ ഉപയോഗിക്കുന്നതിനും വരുമാനം ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ബസ് സ്റ്റേഷനുകളിലും കൊറിയർ പാഴ്സൽ സംവിധാനം ഏർപ്പെടുത്തുന്നതോടെ പ്രതിമാസം ഒരു കോടി രൂപയ്ക്ക് മേൽ ആകെ വരുമാനവും അതിൽ 40% വരെ കെ.എസ്.ആർ.ടി.സി.-ക്ക് വരുമാന വിഹിതവും പ്രതീക്ഷിക്കുന്നു.

(ഇ) കൊറിയർ പാഴ്സൽ സർവ്വീസിന് ലൈസൻസ് കരസ്ഥമാക്കിയിട്ടുള്ള കമ്പനി ഹോം ഡെലിവറി അടക്കം സംവിധാനങ്ങൾ ഭാവിയിൽ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൊറിയർ പാഴ്സലിന്റെ നിരക്ക് നിലവിൽ നിശ്ചയിച്ചിരിക്കുന്നത് ഡോക്കുമെന്റ്സിന് കേരളത്തിനകത്ത് 100 ഗ്രാം വരെ 15 രൂപ + സർവ്വീസ് ടാക്സ്, പാഴ്സൽ/ഡോക്കുമെന്റ്സിന് ഒരു കിലോഗ്രാം വരെ 10 രൂപ + സർവ്വീസ് ടാക്സ്.

LIBRARY ARCHIVES Kerala Legislative Assembly